

# മെത്രാപ്പോലീത്തായുടെ കത്ത്

(മാർച്ച് 2017)

പ്രതീക്ഷയോടെ നാം കാത്തിരുന്ന മാരാമൺ കൺവൻഷൻ ദൈവത്തിന്റെ വലിയ കൃപയാലും അനുഗ്രഹത്താലും അനുഗൃഹീതമായ ദൂതുകളാൽ പരിപോഷിപ്പിക്കപ്പെട്ട് ധന്യമായ ഒരു അനുഭവമായി തീർന്നതിൽ നമുക്ക് ദൈവത്തെ സ്തുതിക്കാം. കൺവൻഷന്റെ ക്രമീകരണങ്ങളിലും യോഗനടപടികളിലും ദൃശ്യമായ ശ്രേഷ്ഠമായ അനുഭവങ്ങളും വചന സന്ദേശങ്ങളും ഹൃദയത്തിൽ എറ്റുവാങ്ങി വചനമായ ദൈവത്തോടു ചേർന്ന് 2017 ലെ ജീവിതയാത്ര നമുക്ക് തുടരാം. കൺവൻഷന്റെ ആദിയോടന്തം അനുകൂലമായ കാലാവസ്ഥ ഉണ്ടായിരുന്നു. എന്നാൽ മനുഷ്യനിർമ്മിതമായ ചില കാർമേഘപടലങ്ങൾ ഉരുണ്ടുകൂടുവാൻ ഇടയായി എന്നതും അനുസ്മരിക്കുന്നു. മാരാമൺ കൺവൻഷന്റെ മഹത്തായ പാരമ്പര്യവും ശിക്ഷണവും അഭംഗുരം നിലനിർത്തിയ വിശ്വാസ സമൂഹത്തെ പ്രത്യേകം അഭിനന്ദിക്കുന്നു. വിശിഷ്യ കൺവൻഷന്റെ ശിക്ഷണത്തിന്റെ ഭാഗമായി വൈകിട്ട് 6.30 ന് ശേഷം പന്തലിലും മണൽപ്പുറത്തുള്ള പരിസരങ്ങളിലും സ്ത്രീകളുടെ സാന്നിധ്യം അനുവദനീയമല്ല എന്ന പാരമ്പര്യം നിലനിർത്തി വൈകിട്ട് 6 മണിക്ക് മുമ്പു തന്നെ സ്ത്രീകൾ സ്വമേധയാ മണൽപ്പുറം വിട്ടുപോയത് ശ്രേഷ്ഠമായ ഒരു മാതൃകയായിരുന്നു. സ്ത്രീകളോടുള്ള ബഹുമാനക്കുറവുകൊണ്ടല്ല, പിന്നെയോ സ്ത്രീസുരക്ഷിതത്വത്തെ കരുതിയാണ് നമ്മുടെ പൂർവ്വികർ ഇങ്ങനെയൊരു ശിക്ഷണം നിഷ്കർഷിച്ചത് എന്ന വസ്തുത നാം മറന്നുപോകരുത്. സഹകരിച്ച് സഭയുടെ പാരമ്പര്യത്തെ മാനിച്ച സ്ത്രീ സമൂഹത്തെ പ്രത്യേകം അഭിനന്ദിക്കുന്നു. കൺവൻഷന്റെ നടത്തിപ്പിന് കേരള ഗവൺമെന്റുമായി ബന്ധപ്പെട്ട വകുപ്പുകൾ നിർലോഭമായ സഹകരണം നല്കി. പന്തൽ നിർമ്മാണ കാലയളവിൽ ചൂടും വെയിലും സഹിച്ച് പ്രവർത്തിച്ചതായ സംഘാടകരെ പ്രത്യേകം അനുമോദിക്കുന്നു. പന്തലുകളും ഷെഡുകളും സമയബന്ധിതമായി പൂർത്തിയാക്കുവാൻ നേതൃത്വം നല്കിയ പെരുംപെട്ടിയിലുള്ള ശ്രീ. മോനിയുടെ പത്തംഗ സംഘത്തിന്റെ സേവനം വളരെ വിലപ്പെട്ടതായിരുന്നു. വിശിഷ്യ നിർമ്മാണ വേളയിൽ എപ്പോഴും സജീവമായി സ്ഥലത്തുണ്ടായിരുന്ന ശ്രീ. അനീഷ് കുന്നപ്പുഴ, സുവിശേഷകൻ ശ്രീ. സജായി, ശ്രീ. പി.പി. അച്ചൻകുഞ്ഞ് എന്നിവരെ അഭിനന്ദിക്കുന്നു. മാലിന്യവിമുക്തമായ ഒരു മണൽപ്പരപ്പ് രൂപീകരിക്കുവാൻ സഹകരിച്ച വിശ്വാസ സമൂഹത്തിന്റെ മാതൃക ശ്ലാഘനീയമാണ്. ശുദ്ധീകരിക്കപ്പെട്ട കുടിവെള്ളം മണൽപ്പുറത്ത് ലഭ്യമാക്കുന്നതിനായി ഈ വർഷം കേരള ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ ഒരു ശുദ്ധീകരണ പ്ലാന്റ് സ്ഥാപിച്ച് പ്രത്യേക പൈപ്പ് ലൈനിലൂടെ കുടിവെള്ളം സജ്ജമാക്കിയിരുന്നു. സാധാരണ ആവശ്യങ്ങൾക്കായി മുൻ പതിവുപോലുള്ള പൈപ്പ് ലൈനുകളും വാട്ടർ അതോറിറ്റി സംഘടിപ്പിച്ചിരുന്നു. ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സുവിശേഷപ്രസംഗസംഘത്തിൽ നിന്നും വിശ്വാസസമൂഹത്തിൽ നിന്നും ലഭിച്ച എല്ലാവിധമായ സഹകരണത്തിനായി അഭിനന്ദനം അറിയിക്കുന്നു.

എപ്പിസ്കോപ്പൽ നോമിനേഷൻ ബോർഡ് പ്രവർത്തനങ്ങൾ പൂർത്തിയാക്കി സമർപ്പിച്ചിരിക്കുന്ന എപ്പിസ്കോപ്പൽ സ്ഥാനത്തേക്കുള്ള നിർദ്ദേശിക്കപ്പെട്ടവരുടെ പേരുകൾ അംഗീകരിക്കുന്നതിനായി മാർച്ച് മാസം 28,29 തീയതികളിൽ നമ്മുടെ സഭാമണ്ഡലം ചേരുന്നതിനുള്ള നോട്ടീസ് നല്കിയിട്ടുണ്ടല്ലോ. സ്വാർത്ഥ താല്പര്യങ്ങളും വ്യക്തി പരിഗണനകളും കൂടാതെ ദൈവഹിതപ്രകാരം സഭാമണ്ഡലം സഭയുടെ നന്മയെ കരുതി ഉത്തരവാദിത്വം നിർവഹിക്കേണ്ടതിനായി പ്രാർത്ഥിക്കാം. ഇന്നത്തെ സഭയുടെ മാത്രമല്ല നാളത്തെ സഭയുടെയും ആവശ്യം മനസ്സിലാക്കി ദൈവം നമുക്ക് നല്കിയിരിക്കുന്ന അവകാശങ്ങളും പദവികളും സ്വാതന്ത്ര്യവും സഭയുടെ നന്മയെ കരുതി ഉപയോഗിക്കുവാൻ എല്ലാ മണ്ഡലാംഗങ്ങൾക്കും കൃപ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കാം.

നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ചില പ്രഥമാദ്ധ്യാപകരും അദ്ധ്യാപകരും അനദ്ധ്യാപകരും മാർച്ച് 31 ന് സജീവ സേവനത്തിൽ നിന്നും വിരമിക്കുകയാണ്. നമ്മുടെ കോർപ്പറേറ്റ് മാനേജ്മെന്റിൽ 3 ഹയർസെക്കണ്ടറി പ്രിൻസിപ്പൽമാരും 3 ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരും വിരമിക്കുന്ന ഒഴിവിലേക്ക് പുതുതായി നിയമിക്കേണ്ടവരുടെ പാനൽ അടുത്തയിടെ ചേർന്ന സ്കൂൾ ബോർഡ് തയ്യാറാക്കുകയുണ്ടായി. പുതുതായി ചുമതലയിൽ പ്രവേശിക്കുന്നവരുടെ നേതൃത്വവും ശുശ്രൂഷകളും നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നവചൈതന്യം പകരുവാൻ സഹായകരമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു. നമ്മുടെ കോളജുകളിൽ മൂന്നിടത്ത് പ്രിൻസിപ്പൽമാരും പല ഇടങ്ങളിലായി അദ്ധ്യാപകരും അനദ്ധ്യാപകരും സേവനത്തിൽ നിന്ന് വിരമിക്കുന്നുണ്ട്. അവരിലൂടെയെല്ലാം സ്ഥാപനങ്ങൾക്ക് ലഭിച്ച ശുശ്രൂഷകൾക്ക് സഭയുടെ പേരിൽ അഭിനന്ദനം അറിയിക്കുന്നു.

അടുത്തയിടെ നമ്മുടെ തിരുവല്ല മാർത്തോമ്മാ കോളേജിൽ കേരള സയൻസ് കോൺഗ്രസും കോഴഞ്ചേരി സെന്റ് തോമസ് മാർത്തോമ്മാ കോളേജിൽ മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി കലോൽസവവും നടക്കുകയുണ്ടായി. പ്രശംസനീയമായ നിലയിൽ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കിയ എല്ലാവരെയും അനുമോദനങ്ങൾ അറിയിക്കുന്നു.

അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത തിരുമേനിയുടെ ജന്മശതാബ്ദിയോടനുബന്ധിച്ചുള്ള ആശംസാ സമ്മേളനങ്ങൾ വിവിധ ഭദ്രാസനങ്ങളുടെ ആഭിമുഖ്യത്തിൽ വളരെ

അനുഗൃഹീതമായ രീതിയിൽ നടന്നു. ഇനിയും നടക്കാനുള്ള ചില ഭദ്രാസനങ്ങളിൽ ആശംസാസമ്മേളനങ്ങൾക്കുള്ള ക്രമീകരണങ്ങൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്. മാരാമൺ കൺവൻഷനോടനുബന്ധിച്ച് ശനിയാഴ്ച രാവിലത്തെ യോഗത്തിൽ പതിനായിരങ്ങളെ സാക്ഷി നിർത്തി കൺവൻഷന്റെ പേരിൽ ജന്മശതാബ്ദി ആശംസകൾ തിരുമേനിക്ക് നേരുകയുണ്ടായി. ഈ യോഗത്തിൽ അഭിവന്ദ്യ വലിയ മെത്രാപ്പോലീത്ത തിരുമേനി ചെയ്ത മറുപടി പ്രസംഗം വളരെ ഹൃദയസ്പർശിയായിരുന്നു. 1918 ഏപ്രിൽ 27 നായിരുന്നു തിരുമേനിയുടെ ജനനം. തിരുമേനിയുടെ മാതാവും പിതാവും 1918 ഫെബ്രുവരിയിൽ നടന്ന മാരാമൺ കൺവൻഷനിൽ സംബന്ധിച്ചിരുന്നു. അന്ന് ഭാരതത്തിന്റെ ആത്മീയ തേജസ്സായിരുന്ന സാധു സുന്ദർസിംഗിന്റെ പ്രസംഗം മാരാമണ്ണിൽ കൂടിവന്ന വിശ്വാസ സമൂഹത്തിന് ആത്മീയ ചൈതന്യവും ഉണർവും പകരുന്നതായിരുന്നു. അന്ന് തിരുമേനി ഗർഭാവസ്ഥയിൽ ആ മാരാമൺ യോഗത്തിൽ അമ്മയോടൊപ്പം പങ്കെടുത്ത നാൾ മുതൽ ഇന്നുവരെയും മാരാമൺ കൺവൻഷനുമായുള്ള ബന്ധം അഭംഗുരം തുടരുന്നു എന്നാണ് തിരുമേനി പ്രസ്താവിച്ചത്. സാധു സുന്ദർസിംഗിന്റെ പ്രസംഗം കേട്ട തിരുമേനിയുടെ അമ്മ തന്റെ ഗർഭത്തിലുള്ള കുഞ്ഞ് ആണാണെങ്കിൽ സുവിശേഷവേലയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചിരുന്നു. ഇന്നയോളം ദൈവം നടത്തിയ വഴികളെ കുറിച്ച് തിരുമേനി സാക്ഷ്യം പറഞ്ഞത് അവിസ്മരണീയമായ ഒരു അനുഭവമായിരുന്നു. 2017 ഏപ്രിൽ 27-ാം തീയതി തിരുമേനിയുടെ 100-ാം പിറന്നാൾ ദിനം സഭയായി ആചരിക്കുവാനുള്ള ക്രമീകരണങ്ങൾ സഭാകൗൺസിൽ ചെയ്തിരിക്കുകയാണ്. നമ്മുടെ സഭയുടെ അഭിമാനമായ ക്രിസോസ്റ്റം തിരുമേനിയെ ഓർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. വിവിധ സ്ഥലങ്ങളിലേക്ക് കടന്നു ചെന്ന് എല്ലാവർക്കും നല്ല ചിന്തകളും വലിയ സ്നേഹവും പകർന്നു നല്കുവാനുള്ള തിരുമേനിയുടെ വലിയ മനസ്സിനെ അഭിനന്ദിക്കുന്നു. തിരുമേനിയുടെ ആയുരാരോഗ്യ സൗഖ്യത്തിനായി തുടർന്നും സഭാമക്കൾ പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കട്ടെ.

നമ്മുടെ സമൂഹത്തിൽ നമ്മോടൊപ്പം ഭാഗ്യവാന്മാരല്ലാത്തവരിൽ നമ്മുടെ ശ്രദ്ധ പതിയേണ്ടത് യഥാർത്ഥ ക്രിസ്തീയ ആത്മീയതയുടെ പ്രകാശനമാണ്. Transgender വിഭാഗത്തിൽപ്പെട്ട നാല്പതിനായിരത്തോളം ആളുകൾ ഇന്ന് നമ്മുടെ കേരളത്തിലുണ്ട്. അതിൽ കൂടുതൽ ആളുകൾ അന്യ സംസ്ഥാനങ്ങളിൽ നിർഭാഗ്യകരമായ പല അവസ്ഥകളിൽ കഴിഞ്ഞു കൂടുന്നു എന്നതും ഒരു യാഥാർത്ഥ്യമാണ്. 10 നും 15 നും വയസ്സിനിടയിൽ Transgender വിഭാഗത്തിൽപ്പെട്ട കുട്ടികൾ സമൂഹത്തിൽ നിന്നും പുറന്തള്ളപ്പെടുന്നതും നിർഭാഗ്യകരമായ ഒരു അവസ്ഥാവിശേഷമാണ്. അവർക്ക് സ്നേഹത്തിന്റെയും കരുതലിന്റെയും കരങ്ങൾ കൊടുക്കുവാൻ സഭയ്ക്ക് എന്തു ചെയ്യുവാൻ കഴിയും എന്നതിനെ കുറിച്ച്, അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ തെയോഡഷ്യസ് എപ്പിസ്കോപ്പായുടെ നേതൃത്വത്തിലും കാർഡിന്റെ അസി. ഡയറക്ടറായിരിക്കുന്ന റവ. ഫിലിപ്പ് ജോർജച്ചന്റെ ചുമതലയിലും ഒരു പഠനം ആരംഭിച്ചിട്ടുണ്ട്. മേൽപറഞ്ഞ വിഭാഗത്തിലുള്ള കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് ശരിയായ വിദ്യാഭ്യാസം നല്കി ഉത്തമ പൗരന്മാരാക്കി വളർത്തിയെടുക്കുവാനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ കൈപിടിച്ചു കൊണ്ടുവരുവാനും എങ്ങനെയെല്ലാം സാധിക്കും എന്നതിനെക്കുറിച്ചാണ് പ്രധാനമായും നാം ആലോചിക്കുന്നത്. ഫെബ്രുവരി 12-ാം തീയതി ഞായറാഴ്ച ചാത്തന്നൂർ മാർത്തോമ്മാ ഇടവകദിന സമ്മേളനത്തിൽ പങ്കെടുക്കുവാൻ നാം ചെന്നപ്പോൾ Transgender വിഭാഗത്തിൽപ്പെടുന്ന പത്തോളം പേർ ആ സമ്മേളനത്തിൽ നമുക്ക് ബൊക്ക നല്കുന്നതിന് അനുവാദം ചോദിച്ച് വരികയുണ്ടായി. അവർ അവരുടെ സ്നേഹോഷ്മളതയിൽ മാർത്തോമ്മ സഭ അവർക്ക് നല്കുന്ന പരിഗണനയ്ക്കും സ്നേഹത്തിനും അംഗീകാരത്തിനുമുള്ള നന്ദി സൂചകമായി നമുക്ക് ഒരു മെമന്റോയും അവർ ഓരോരുത്തരായി വന്ന് പൂക്കളും നല്കിയ അനുഭവം അവിസ്മരണീയമായ ഒന്നായിരുന്നു. അത് അവിടെ കൂടിവന്ന വിശ്വാസ സമൂഹത്തിന്റെ കണ്ണുതുറപ്പിക്കുവാൻ മുഖാന്തിരമായി എന്നതും ശ്രദ്ധേയമത്രെ. നമ്മുടെ സഭയുടെ അടുത്ത വാർഷിക സഭാമണ്ഡലത്തിൽ ഈ വിഷയത്തെ സംബന്ധിച്ച് വ്യക്തമായ രൂപരേഖയോടുകൂടി അവരുടെ ക്ഷേമത്തിനായി ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചുകൊണ്ടു തന്നെ പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകുവാൻ നാം ആഗ്രഹിക്കുകയാണ്.

നമ്മുടെ പത്തനാപുരം ആശാഭവനിലെ രണ്ടു വിദ്യാർത്ഥികളായിരുന്നവരുടെ ജീവിതത്തിൽ വന്ന മാറ്റം എല്ലാവരിലും ആശ്ചര്യം ജനിപ്പിക്കുന്നതാണ്. ശാരീരികമായ പല പരിമിതികളും ഉള്ളവരായിരുന്നു അവർ. നാലടി മാത്രം ഉയരമുള്ള കലേഷ് കുമാർ എന്ന കുട്ടി പ്ലസ് ടു കഴിഞ്ഞപ്പോൾ നിയമബിരുദ പഠനത്തിന് പോകാൻ താല്പര്യപ്പെട്ടപ്പോൾ അവന്റെ ആഗ്രഹത്തിന് സാക്ഷാത്കാരം നല്കുവാൻ സഭ തയ്യാറായി. ഇന്ന് കലേഷ്കുമാർ അഡ്വ. കലേഷ്കുമാറായി കോട്ടയത്ത് യുവ വക്കീലായി പ്രവർത്തിച്ചുവരുന്നു. ആദ്യവരുമാനം ലഭിച്ചപ്പോൾ അതിൽ നിന്നും ആയിരം രൂപ താൻ വളർന്ന, തന്നെ വളർത്തിയ ആശാഭവനിലെ സഹപ്രവർത്തകർക്ക് ക്രിസ്തുമസ് സമ്മാനങ്ങൾ നല്കി സന്തോഷം പങ്കുവെച്ചത് എത്രയോ ധന്യമായ അനുഭവമാണ്. വർഷങ്ങൾക്കു മുമ്പ് ആശാഭവനിൽ ചെല്ലുമ്പോൾ സജയ്കുമാർ എന്ന കുട്ടി യെ നാം പരിചയപ്പെടുകയുണ്ടായി. ജന്മനാ തന്നെ രണ്ടു കരങ്ങളില്ലാത്ത കുട്ടിയായിരുന്നു സജയ്കുമാർ. എന്നാൽ പ്ലസ് ടു കഴിഞ്ഞ് ഫൈൻ ആർട്സിൽ ഡിഗ്രി എടുക്കുവാൻ താൻ ആഗ്രഹിക്കുന്നുവെന്ന്, വലതുകാലിലെ വിരലുകൾക്കിടയിൽ ബ്രഷ് വച്ച് ചിത്രം വരയ്ക്കുന്ന സജയ്കുമാർ എന്ന കലാകാരൻ നമ്മോട് പറഞ്ഞപ്പോൾ പഠനചെലവ് ഉൾപ്പെടെയുള്ള ചുമതലകൾ ഏറ്റെടുത്ത് നാം അതിനുള്ള ക്രമീകരണം ചെയ്തുകൊടുക്കുകയുണ്ടായി. അങ്ങനെ ബി.എഫ്.എ. കഴിഞ്ഞ്, എം.എഫ്.എ യും കഴിഞ്ഞ് സജയ്കുമാർ ഇന്ന് ഒരു ചിത്രകലാ അദ്ധ്യാപകനായി 4 ഗവൺമെന്റുസ്കൂളുകളിലായി പ്രവർത്തിക്കുകയാണ്. സജയ്കുമാർ തന്റെ ആദ്യശമ്പളത്തിൽ നിന്ന് 4000 രൂപ ഒരു കവറിലിട്ട് മാരാമണ്ണിൽ വന്ന് നമ്മെ ഏല്പിച്ചത് മാരാമണ്ണിൽ കൂടിയിരുന്ന ജനസഹസ്രങ്ങളടങ്ങുന്ന വിശ്വാസ സമൂഹം നിറമിഴികളോടെയാണ് ദർശിച്ചത്. ജീവിതത്തിൽ എല്ലാവരാലും അവഗണിക്കപ്പെട്ട്, തള്ളപ്പെട്ട് കിടക്കുന്നവരിലേക്ക് കരങ്ങൾ നീട്ടുമ്പോഴാണ് യഥാർത്ഥ ക്രിസ്തീയ സാക്ഷ്യം പ്രകാശിതമാകുന്നത് എന്ന് നാം എല്ലാവരും തിരിച്ചറിയേണ്ടിയിരിക്കുന്നു. നമ്മുടെ സമൂഹത്തിൽ എവിടെയും മാനവികതയുടെ വികൃതമായ രൂപങ്ങളാണ് നാം ഇന്നു കണ്ടുകൊണ്ടിരിക്കുന്നത്. സങ്കീർത്തനക്കാരൻ പറഞ്ഞതുപോലെ "മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്യനത്രെ" എന്ന അവസ്ഥാവിശേഷം ഇന്ന് നാം എവിടെയും കാണുകയാണ്. സ്ത്രീകളോടു കാണിക്കുന്ന അനാദരവ്, കുട്ടികളോടുള്ള ക്രൂരത എന്നിവയെല്ലാം മൃഗീയ സംസ്കാരത്തിന്റെ പ്രതിരൂപങ്ങളത്രെ. ഈ അവസ്ഥയ്ക്ക് മാറ്റം വരുവാൻ നാം എല്ലാവരും പ്രാർത്ഥിക്കുകയും ജാഗ്രതയോടുകൂടി പ്രവർത്തിക്കുകയും

വേണം. നാം നോമ്പിന്റെ നാളുകളിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. കാനാവിലെ കല്യാണഭവനത്തിലാണ് നമ്മുടെ കർത്താവ് തന്റെ അടയാളങ്ങളുടെ ആരംഭം കുറിച്ചത്. എല്ലാ വർഷവും നോമ്പ് ആരംഭിക്കുന്നത് ആ അടയാളത്തെക്കുറിച്ചുള്ള ചിന്തകൾ പങ്കുവെച്ചുകൊണ്ടാണല്ലൊ. സന്തുഷ്ടമായ ആ കുടുംബം വിവാഹത്തിനു വേണ്ടിയുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തു കഴിഞ്ഞു-ദീർഘകാലത്തെ ഒരുക്കം, വിഭവ സമാഹരണം. എന്നാൽ സമൃദ്ധിയുടെ മദ്ധ്യത്തിൽ ആകസ്മികമായി വിഭവങ്ങളുടെ കുറവ് സംഭവിച്ചു. പെട്ടെന്ന് ഒരു പ്രതിസന്ധി അവിടെ സംജാതമായി. കർത്താവിന്റെ അടുക്കൽ മറിയ പ്രശ്നം അവതരിപ്പിച്ചു. അവിടെയുള്ള ആറ് കല്പാത്രങ്ങളിൽ വെള്ളം നിറയ്ക്കുവാൻ യേശു കല്പിച്ചപ്പോൾ അവിടുത്തെ ശുശ്രൂഷകർ വക്കോളം നിറച്ച് അവരുടെ സമർപ്പണത്തെ പൂർണ്ണതയിൽ പ്രകടമാക്കി. അങ്ങനെ ഹൃദയവേദനയിൽ കഴിഞ്ഞ ആ ഭവനം സന്തോഷത്തിന്റെ സമൃദ്ധിയിലേക്ക് രൂപാന്തരപ്പെട്ടു. യോഹന്നാന്റെ സുവിശേഷത്തിൽ കർത്താവ് ചെയ്ത അവസാനത്തെ അടയാളം ലാസറിനെ ഉയർപ്പിച്ച് ലാസറിന്റെ ഭവനത്തെ നിരാശയിൽ നിന്നും പ്രതീക്ഷയുടെ നിറവിലേക്ക് ഉയർത്തിയ അനുഭവമാണ്. ഇങ്ങനെ തകർന്ന മാനവികതയെ ധന്യമായ മാനവികതയുടെ സമൃദ്ധിയിലേക്ക് നയിക്കുന്നതാണ് ശരിയായ നോമ്പനുഭവം.

അഖിലലോക പ്രാർത്ഥനാദിനമായി മാർച്ച് 3-ാം തീയതി വെള്ളിയാഴ്ച നാം ആചരിക്കുന്നു. പ്രാർത്ഥനയിൽ ജാഗരിപ്പാനും ദൈവഹിതം തിരിച്ചറിയുവാനും ദൈവം നമ്മെ എല്ലാവരെയും സഹായിക്കട്ടെ. മാർച്ച് 5-ാം തീയതി ഞായറാഴ്ച നോമ്പിന്റെ രണ്ടാം ഞായറാഴ്ചയാണ്. 'വിശുദ്ധീകരിക്കുന്ന ക്രിസ്തു' എന്നതാണ് അന്നത്തെ ചിന്താവിഷയം. സമൂഹത്തിൽ അന്യപ്പെട്ട് ഇനിയൊരു തിരിച്ചുവരവ് സാധ്യമല്ല എന്ന് വിചാരിച്ചിരിക്കുന്ന അവസ്ഥയിൽ ആയിരുന്ന കുഷ്ഠരോഗിയെയാണ് യേശു തൊട്ട് സൗഖ്യമാക്കിയത്. അവനെ സൗഖ്യമാക്കിയശേഷം തൊടുകയായിരുന്നില്ല യേശു ചെയ്തത് എന്ന കാര്യം നാം പ്രത്യേകം ഓർക്കണം. അവന്റെ ആയിരിക്കുന്ന അവസ്ഥയിൽ യേശു അവനെ സ്പർശിച്ച് അവനെ അംഗീകരിച്ച് അവനിലേക്ക് സ്നേഹവും സൗഖ്യവും പകരുകയായിരുന്നു. നാം പാപത്തിന്റെ ഏതവസ്ഥയിലായിരുന്നാലും നമ്മെ അംഗീകരിച്ച് രൂപാന്തരപ്പെടുത്തുന്ന ഒരു കർത്താവ് നമുക്കുണ്ട് എന്നതാണ് ഏറ്റവും വലിയ പ്രത്യാശ. മാർച്ച് 12-ാം തീയതി ഞായറാഴ്ച നമ്മുടെ ധ്യാനവിഷയം 'ക്ഷമിക്കുന്ന ക്രിസ്തു' എന്നതാണ്. നാലു പേർ ചുമന്നുകൊണ്ടു വന്ന പക്ഷവാതക്കാരനെ യേശു സൗഖ്യമാക്കുന്ന സംഭവമാണ് ധ്യാനഭാഗം. കൊണ്ടുവന്നവരുടെ വിശ്വാസം കണ്ടിട്ട് യേശു "മകനേ, നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു" എന്നു പറഞ്ഞ് എഴുന്നേറ്റ് കിടക്ക എടുത്ത് വീട്ടിലേക്കു പോകുവാൻ കല്പിച്ചു. സെഖര്യാവിനെ പോലെ അടയാളം ചോദിക്കുവാൻ അവൻ ആഗ്രഹിച്ചില്ല. അവൻ അപ്പോൾ തന്നെ യേശുവിന്റെ വാക്ക് വിശ്വസിച്ച് കിടക്ക എടുത്ത് നടന്നു. വിശ്വാസത്തിന്റെ അനുസരണം നമ്മെ സൗഖ്യത്തിലേക്ക് നയിക്കും. മാർച്ച് 19-ാം തീയതി ഞായറാഴ്ച നോമ്പിന്റെ 4-ാം ഞായറാണ്. 'ഏവരേയും സ്വീകരിക്കുന്ന കർത്താവ്' എന്ന ചിന്തയാണ് സഭയായി ധ്യാനിക്കുന്നത്. പുറജാതിക്കാരിയായ ഒരു സ്ത്രീയുടെ മകളുടെ സൗഖ്യത്തെക്കുറിച്ചാണ് വിശുദ്ധ മത്തായി 15:21-28 വരെയുള്ള ഭാഗത്ത് പരാമർശിക്കുന്നത്. തന്റെ മകളുടെ സൗഖ്യത്തിനുവേണ്ടി അവൾ യേശുവിന്റെ പിറകെ വന്നത് യഹൂദന്മാർ ചൊല്ലുന്ന ഒരു പ്രാർത്ഥന ചൊല്ലിക്കൊണ്ടായിരുന്നു. അതിനോടുള്ള യേശുവിന്റെ പ്രതികരണം ആശാവഹമായി അവിടെയുള്ള ആർക്കും തോന്നിയില്ല. എന്നാൽ തന്റേതായ ഭാഷയിൽ 'കർത്താവേ എന്നെ സഹായിക്കേണമെ' എന്ന് പ്രാർത്ഥിച്ചുകൊണ്ട് അവൾ യേശുവിനെ നമസ്കരിക്കുന്നു. നമസ്കരിക്കുന്ന പ്രാർത്ഥനാ രീതി പൗരസ്ത്യ ആചാരത്തിന്റെ ഭാഗമാണ്. എന്താണ് നമസ്കാരം? 1. "ഞാൻ ആവശ്യത്തിലായിരിക്കുന്നു. ഞാൻ ആരോട് പ്രാർത്ഥിക്കുന്നുവോ, ആരെ നമസ്കരിക്കുന്നുവോ അവന് എന്റെ ആവശ്യം നിറവേറ്റാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു" എന്നാണ് നമസ്കാരത്തിന്റെ അർത്ഥം. 2. "ആവശ്യക്കാരനായി ഞാൻ മുട്ടുകുത്തുന്നു. അനുഗ്രഹം പ്രാപിച്ചവനായി ഞാൻ എഴുന്നേല്ക്കും" എന്ന വിശ്വാസത്തിന്റെ പ്രഖ്യാപനമാണ് നമസ്കാരം. 3. "എന്റെ യോഗ്യതയുടെ അടിസ്ഥാനത്തിലല്ല ഞാൻ മുട്ടുകുത്തുന്നത്. ഞാൻ ആരോട് പ്രാർത്ഥിക്കുന്നുവോ അവന്റെ കരുണയാണ് എന്റെ അനുഗ്രഹം" എന്ന തിരിച്ചറിവിന്റെ അടയാളമാണ് നമസ്കാരം. ഈ നമസ്കാരത്തിന്റെ ആരാധന നമുക്കിന്നുണ്ടോ? ഇപ്പോൾ പള്ളിയിൽ ആരാധനയ്ക്കു പോയി വരുന്നവർ പറയുന്നത് പാശ്ചാത്യ രീതിയിൽ സർവ്വീസിന് പോയി എന്നാണ്. എന്നാൽ നമ്മുടെ ആളുകൾ ഹാശാ ആഴ്ചയിൽ ഹോശാന ഞായർ സന്ധ്യ മുതൽ ശനിയാഴ്ച സന്ധ്യ വരെയുള്ള ശുശ്രൂഷയ്ക്ക് പോയിവരുമ്പോൾ നമസ്കാരത്തിന് പോയി എന്നു പറയും. എന്നാൽ നമസ്കാരത്തിന്റെ അർത്ഥമുൾക്കൊണ്ട ആരാധനയായി നമ്മുടെ എല്ലാ ആരാധനകളും തീരണം. മാർച്ച് 26-ാം തീയതി ഞായറാഴ്ച 'വീണ്ടെടുക്കുന്ന ക്രിസ്തു' എന്ന ചിന്തയെ കേന്ദ്രീകരിച്ചാണ് നാം സഭയായി ധ്യാനിക്കുന്നത്. 18 സംവത്സരമായി ഒരു രോഗാത്മാവ് ബാധിച്ചിട്ട് ഒട്ടും നിവരുവാൻ കഴിയാതെ ഇരുന്ന കൂനിയായ ഒരു സ്ത്രീയ്ക്ക് യേശു സൗഖ്യം നല്കിയപ്പോൾ പള്ളിപ്രമാണിക്ക് നീരസമുണ്ടായതായി നാം വായിക്കുന്നു. ശബത്തിൽ സൗഖ്യമാക്കാനുള്ള ഇടം ഇതല്ലായെന്നതാണ് പള്ളിപ്രമാണിയുടെ അഭിപ്രായം. ആ സ്ത്രീയുടെ സൗഖ്യത്തിൽ യേശു സന്തോഷിക്കുന്നു. എന്നാൽ ആ പള്ളിക്കാർക്ക് അതിലൊരു സന്തോഷവും തോന്നുന്നില്ല. ഇന്നും ഇത്തരം പള്ളിപ്രമാണിമാരെ സഭയിലും ഇടവകകളിലും കാണാൻ കഴിയും. മനുഷ്യത്വം മരവിക്കുമ്പോൾ നാം പള്ളിയിലാണെങ്കിലും ദൈവം ഭൂമിക്ക് നല്കിയ യഥാർത്ഥ ദൈവാലയമായ ക്രിസ്തുവിൽ നിന്നും നാം അകന്നു പൊയ്ക്കൊണ്ടിരിക്കും. മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവാകുന്നു എന്ന് തെളിയിച്ചുകൊണ്ട് അവളുടെ ബന്ധനം അഴിച്ചുവിടുകയാണ് യേശു ചെയ്തത്. ഈ കർത്താവിന്റെ ശരീരമാണ് സഭ. ഈ കർത്താവിന്റെ മാതൃക പിൻപറ്റുവാനാണ് കർത്താവ് നമ്മെ വിളിക്കുന്നത്. നമ്മുടെ രൂപാന്തരത്തിൽ സന്തോഷിക്കുന്ന കർത്താവ് നമ്മിൽ രൂപാന്തരം വരുത്തുവാൻ പ്രാപ്തിയുള്ളവനും അധികാരമുള്ളവനുമാണ്. അതുകൊണ്ട് നമുക്ക് പ്രാർത്ഥിക്കാം.

ദൈവമേ, നിന്റെ കൃപയാൽ ലോകത്തെ രൂപാന്തരപ്പെടുത്തേണമെ. ആ രൂപാന്തരം എന്നിൽ ആരംഭിക്കേണമെ.

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

പുലാത്തീൻ,
20-02-2017

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**